

# ബൈബിൾ ട്രൂത്ത്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

**Vol 7** **April 1993** **No. 1**

"എന്തുകൊണ്ട് ഞങ്ങൾക്ക് ഈ കഷ്ടത തരുന്നു". എത്ര പ്രാർത്ഥിച്ചിട്ടും ഇതിനു നീക്കുപോക്കു വരുന്നില്ലല്ലൊ. എന്നാൽ അവിശ്വാസികളും ദുഷ്ടന്മാരും ആയവർ നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കുകയാണല്ലൊ ചെയ്യുന്നതു. "ദൈവം അവർക്കു അനുകൂലമോ"? ദൈവ ഭക്തന്മാർക്കിടയിലുള്ള സംസാരവും സംശയവുമാണിത്. ഭൗതികമായോ സാമ്പത്തികമായോ ഉണ്ടാകുന്ന വളർച്ച അവരുടെ നന്മയുടെ ഫലമാണെന്നു കരുതരുതു. അതുപോലെ അവരുടെ തിന്മക്കു ദൈവം കൂട്ടുനില്ക്കയുമല്ല. അവരുടെ പാപം വർദ്ധിപ്പിക്കുകയാണ് ആനന്തരഫലം. ദൈവം അവരുടെ അകൃത്യങ്ങളെ കാണാതിരിക്കുന്നില്ല. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്നതു നല്ലതാകിലും തിയ്യതാകിലും അതിനു തക്കവണ്ണം പ്രാപിക്കും. പക്ഷെ അവസാനം എല്ലാം കൂടെ അനുഭവിക്കുന്നതു ദൈവ സന്നിധിയിൽ നീതി തന്നെ. ദൈവനീതിയും മാനുഷിക നീതിയും രണ്ടും രണ്ടാണ്. ദൈവ വ്യവസ്ഥയനുസരിച്ചുള്ള പ്രതിഫലവും ശിക്ഷയുമാണ് ഓരോരുത്തർക്കും കിട്ടുന്നതു. അല്ലാതെ നമ്മുടെ ചിന്തകൾക്ക് അനുസൃതമായിട്ടല്ല. ദൈവ ഭക്തിയോടെ ജീവിക്കുന്നവർക്കു നേരിടുന്ന കഷ്ടത അവരെ കൂടുതൽ ശോഭയുള്ളവരാക്കി മാററുന്നു.

എഡിററർ

# ആരാണ് നിങ്ങളുടെ രക്ഷകൻ?

J.C. ചോട്ട്

അറിഞ്ഞും അറിയാതെയും മനുഷ്യർ നിരന്തരമായി ഒരു രക്ഷകനെ നോക്കുകയാണ്. മററുള്ളവർ അവരുടെ രക്ഷകൻ ആരായിട്ടാണ് കാണുന്നതു എന്ന ചർച്ചക്ക് ഒരുമ്പെട്ടാൽ അതു അന്തമില്ലാത്ത ഒന്നായി തീരും. നാം ചെയ്യേണ്ടതു, നമ്മുടെ ജീവിതത്തിലേക്കു എത്തിനോക്കി ആരെയാണ് നാം രക്ഷകനായി അംഗീകരിച്ചിരിക്കുന്നതു എന്ന് കാണുകയാണ് വളരെ ഉത്തമം. ക്രിസ്തുവാണ് നമ്മുടെ രക്ഷകൻ എന്നു നാം അവകാശപ്പെടുമ്പോഴും നമ്മുടെ യജമാനനായി, കർത്താവായി മററുള്ളവരെ നമ്മുടെ പ്രവൃത്തിയിലൂടെ നാം വെളിപ്പെടുത്താറില്ലേ? അതു സാദ്ധ്യമോ? അല്ലെങ്കിൽ നാം അങ്ങനെ ചെയ്യാമോ?

നാം ശ്രദ്ധിച്ചില്ലെങ്കിൽ **പണത്തെ** ദൈവമായി നാം കണക്കാക്കിയെന്നുവരും. ധനത്തിൻെറ ശക്തി നമ്മിൽ സ്വാധീനിച്ച് അതിനെ ഒരു ആരാധന വസ്തുവായി ഗണിക്കുന്നു. കാരണം അതുകൊണ്ട് നമുക്ക് എന്തു വേണമെങ്കിലും വാങ്ങാം; പണമുള്ളപ്പോഠം നമുക്കു ചുററുമുള്ള എല്ലാവരും നമ്മെ ബഹുമാനിക്കുകയും ചെയ്യും. എന്നാൽ പൈസയിൽ നമ്മഠം ദോഷമൊന്നും ദർശിക്കുന്നില്ല. അതിന് നാം അമിത പ്രാധാന്യം കൊടുത്തു നമ്മുടെ ജീവിതത്തിൽ അതിന് പ്രഥമ സ്ഥാനം കൊടുത്തു സ്നേഹിക്കുമ്പോഴാണ് അപകടം ആരംഭിക്കുന്നതു.

അപ്പൊസ്തലനായ പൌലൊസ് പറയുന്നു. "അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകാൻ കഴിയുന്ന

തുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലൊ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി; ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൌമ്യത എന്നിവയെ പിന്തുടരുക (1തിമൊഥെയോസ് 6:6-11).

പണമാണ് എല്ലാ ദോഷത്തിനും കാരണമെന്നല്ല ഇവിടെ പറയുന്നതു. മറിച്ച് **ദ്രവ്യാഗ്രഹമാണ്** സകലവിധ ദോഷത്തിനും കാരണം. അതിനു നമ്മെ എന്തു ചെയ്യാൻ കഴിയും ? നമുക്കു അതിനു എന്തു ചെയ്യാൻകഴിയും ? ദ്രവ്യാഗ്രഹവും അത്യാഗ്രഹവും ഏതാണ്ട് തോളോടുതോൾ ചേർന്നു നില്ക്കും. കാരണം പണത്തെ സ്നേഹിക്കുന്നവർ അതു വീണ്ടും വീണ്ടും ഉണ്ടാക്കണമെന്നുള്ള മോഹം അവരിൽ കടന്നുവരും. അവർക്കു ഒരിക്കലും മതിയാവുകയില്ല. അതുകൊണ്ട് അവർക്ക് അതു കുഴപ്പവും നാശവും വരുത്തും. പണമുണ്ടെങ്കിൽ നമ്മുടെ പ്രശ്നങ്ങളെല്ലാം തീരുമെന്ന് കരുതുന്നവരുണ്ട്. വേണ്ടത്ര പണമുണ്ടെങ്കിൽ അതു എല്ലാ ആവശ്യങ്ങൾക്കും മതിയായതു എന്നു ധരിച്ചു വെക്കരുതു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം വരുത്തുവാനോ എല്ലാ ആവശ്യങ്ങൾക്കും മതിയായതോ അല്ല ധനം. പണത്തിന്റെ മുമ്പിൽ തലകുനിക്കുന്ന മനോഭാവം വന്നാൽ അതു നമ്മെ നശിപ്പിക്കും. പണം നമ്മുടെ രക്ഷകനാണെന്നു വരുത്തിതീർക്കുന്ന രീതിയിലേക്കു നമ്മെ വിട്ടുകളയുന്നതു ഭയങ്കര തെററാണ്.

മറെറാരു കുഴപ്പം പിടിച്ച അവസ്ഥ, ലൗകികമായവയെ ദൈവമെന്ന് വരുത്തി തീർക്കുന്നതാണ്. തീർച്ചയായും

ഇതിൽ പണവും ഉൾപ്പെടും ഈ ലോകപ്രകാരമുള്ള കാര്യങ്ങളിൽ നാം ബന്ധിതരായി അല്ലെങ്കിൽ ആകൃഷ്ടരായി സ്വർഗ്ഗീയ ദൈവത്തെ നാം ക്രമേണ മറക്കുന്നു. ഉദാഹരണമായി വസ്ത്രങ്ങളും, വാഹനങ്ങളും, വീടുകളും, ടെലിവിഷനും, വീഡിയോകളും അങ്ങനെ നിരവധി വസ്തുക്കൾ ലോകം പ്രദാനം ചെയ്യുന്നു. നമുക്കു അതെല്ലാം വാങ്ങുവാനുള്ള കഴിവില്ലെങ്കിലും അതിനായുള്ള വാഞ്ഛ നമ്മെ ബാദ്ധ്യതകളിലേക്കും പ്രശ്നങ്ങളിലേക്കും എത്തിക്കും. ഈ ലോകത്തിലേക്കു നാം വന്നപ്പോൾ ഒന്നും കൂടാതെ വന്നു എന്നും ഇവിടെ നിന്നു നാം ഒന്നും കൂടാതെ പോകുന്നു എന്ന പൌലൊസിൻെറ പ്രസ്താവന ഓർമ്മിക്കുക. ഭൗതികവസ്തുക്കൾ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കുന്നുവെങ്കിൽ കൊള്ളാം പക്ഷെ അതു താല്ക്കാലികമാണ്. അവയ്ക്കൊന്നും നമ്മെ എന്നേക്കും തൃപ്തിപ്പെടുത്താൻ കഴിവില്ല നമ്മുടെ സൗകര്യങ്ങൾക്കായി നാം അതു ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുന്നു.

നമ്മളിൽ ചിലർ ഈ ലോകത്തിൽ സുഖഭോഗങ്ങളിൽ പ്രതിപത്തി പുലർത്തി അവയ്ക്കു നാം ജീവിതത്തിൽ മുൻഗണന നല്കുന്നതു മൂലം അവ നമ്മുടെ കർത്തൃത്വവും യജമാനത്വവും ഏറെറടുക്കുന്ന ഒരു പ്രതിഭാസത്തിലേക്കു നീങ്ങും. സമയാ സമയങ്ങളിൽ മാറി മാറി വരുന്ന കായിക വിനോദങ്ങൾ, യാത്ര, നല്ല ആഹാര പദാർത്ഥങ്ങൾ ഇവയെല്ലാം അനുഭവിക്കുന്നതു കൊള്ളാം. നമുക്കു പ്രിയപ്പെട്ട ചില വിനോദങ്ങൾ ഉള്ളതുകൊണ്ടാകാം നമുക്കു അങ്ങനെ തോന്നുന്നതു. പക്ഷെ ലോകത്തിൽ എല്ലാ തരത്തിലുമുള്ള ആസ്വാദ്യകരമായ വിനോദങ്ങൾ ഉണ്ട്. നാം ആദ്യം ചെയ്യേണ്ടതു, അവയുടെ നന്മയും തിന്മയും വേർതിരിച്ച് അറിയുകയാണ്. ചില നല്ല കാര്യങ്ങൾ പോലും അതിൽ കൂടുതൽ ഊന്നൽ കൊടുത്താൽ അതു തിന്മയായി ഭവിക്കും. അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു. 'ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിൻെറ

സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവിതത്തിൻെറ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിൻെറ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ജീവിക്കും (1 യോഹന്നാൻ 2:15-17). വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിൻെറ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവരെല്ലാം ദൈവത്തിൻെറ ശത്രുവായിത്തീരുന്നു (യാക്കോബ് 4:4).

ലോകത്തിൽ നാം ജീവിക്കുമ്പോൾ ഇതൊന്നും പാടില്ലെങ്കിൽ പിന്നെ എങ്ങനെ ഇവിടെ ജീവിക്കും എന്നു സംശയിക്കുന്നവരുണ്ട്. ചിരിക്കാൻ വക നല്കുന്ന പലതും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ എങ്ങനെ ചിരിക്കാതിരിക്കും; ഈ എഴുത്തുകാർ പറയുന്നതു: ലോകപ്രകാരം നല്ലതു എന്നു തോന്നുന്നവ ദൈവമുൻപാകെ വെറുക്കുന്നവയാണ്. ലൗകികമായി മോശമായ കാര്യങ്ങളിൽ നാം പങ്കാളികളാകാതെ തന്നെ നമുക്കു ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടാം. അതുകൊണ്ടു ദൈവീക കാര്യങ്ങളിൽ മുൻതൂക്കം കൊടുക്കുക.

മനുഷ്യ നിർമ്മിതമായ രൂപങ്ങൾക്കും വിഗ്രഹങ്ങൾക്കും ചിത്രങ്ങൾക്കും മുമ്പിൽ വണങ്ങുവാൻ പോലും ചിലർ തയ്യാറാകും. അവയ്ക്കു ക്രിസ്തുവാണെന്നും, മറിയയാണെന്നും, പുണ്യവാളന്മാരെന്നും നാമകരണം ചെയ്തേക്കാം. അതു നല്ല ഉദ്ദേശത്തോടെയാകാം ചെയ്യുന്നതു. പക്ഷെ നാം അവയെ ഉണ്ടാക്കുകയോ വണങ്ങുകയോ ചെയ്യരുതു എന്ന് വചനത്തിൽ മുന്നറിയിച്ചിരിക്കുന്നു. നാം ആരാധിക്കേണ്ടത് **ദൈവത്തെയാണ്.** ദൈവത്തെ പ്രതിനിധീകരിക്കുന്ന

വയെയല്ല. നാം ക്രിസ്തുവിനെയാണ് അനുഗമിക്കേണ്ടതു. ക്രിസ്തുവിനെ പോലെയിരിക്കുന്ന മററൊന്നിനെയല്ല. വിഗ്രഹാരാധന വിട്ടോടുവിൻ എന്നാണ് പൌലൊസ് പറഞ്ഞിരിക്കുന്നതു (1കൊരിന്ത്യർ 10:14). ജഡത്തിൻെറ മററു പ്രവർത്തികളോടൊപ്പം വിഗ്രഹാരാധനയെയും ഉൾപ്പെടുത്തിയിരിക്കുന്നു (ഗലാത്യർ 5:20). വിഗ്രഹാരാധന നടത്തുന്നവർക്കു ദൈവരാജ്യത്തിൽ പ്രവേശനമില്ല (1കൊരിന്ത്യർ 6:9; വെളിപ്പാട് 21:8). ഏക ദൈവത്തെയാണ് ബൈബിൾ പഠിപ്പിക്കുന്നതു. അവൻ തീക്ഷ്ണതയുള്ള ദൈവമാണ്. അവനെ മാത്രമെ നാം നമസ്ക്കരിക്കയോ വണങ്ങുകയോ ചെയ്യാവൂ (ഗലാത്യർ 4:24).

നാം അഭിമുഖീകരിക്കുന്ന അപകടകരമായ മറെറാരുരീതി, മതപരമായ അദ്ധ്യക്ഷന്മാരെ, ഉപദേഷ്ടാക്കന്മാരെ അമിതമായി ദൈവിക സ്ഥാനം കൊടുത്തു കാണുന്നതാണ്. നമ്മുടെ നായകന്മാരെ, ഉപദേഷ്ടാക്കളെ നാം ബഹുമാനിക്കണം, സ്നേഹിക്കണം, മാനിക്കണം. പക്ഷെ ദൈവത്തെപോലെയോ അതിലധികമായോ പ്രഥമസ്ഥാനം ഈ മനുഷ്യർക്കായോ നീക്കി വെക്കരുതു. ഈ ഉപദേഷ്ടാക്കൾ എത്ര പ്രഗത്ഭരായിരുന്നാലും എത്ര നന്നായി പ്രസംഗിക്കുന്നവരായാലും അവരും മനുഷ്യരാണ്, തെററു പററാവുന്നവരാണ് എന്നതു നാം മറന്നു കൂടാ. മനുഷ്യ നടത്തിപ്പുകാരെ അമിതമായി സ്നേഹിച്ചാൽ ഈ ഉപദേഷ്ടാവ് ആത്മിയമായി തെററിപോയാൽ ഇവരുടെ വിശ്വാസവും പൊയ്പോകും. കാരണം ഇങ്ങനെ ഉള്ളവരുടെ ആശ്രയം മനുഷ്യരിലാണ്, ദൈവത്തിലല്ല. നാം മനുഷ്യരെയല്ല; ദൈവത്തെയാണ് പിൻപററേണ്ടതു. യേശുവിനെ പരീക്ഷിച്ച പിശാചിനോട് കർത്താവ് പറഞ്ഞ വാക്ക് ശ്രദ്ധിക്കുക. "നിൻെറ ദൈവമായ കർത്താവിനെ നമസ്ക്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ" (മത്തായി 4:10).

ഈ വ്യത്യസ്ഥമായ ദൈവങ്ങളേയും അവയുടെ സ്വാധീന ശക്തിയെയും പരിഗണിച്ചശേഷം നാം ഇപ്പോൾ ജീവനുള്ള ഏക സത്യ ദൈവത്തിലേക്കും അവൻെറ പുത്രൻെറ മരണത്തിനുശേഷം നമുക്കു പാപത്തിൽ നിന്നും ഒരു മോക്ഷവും ഒരുക്കി തീർത്തു. വാസ്തവത്തിൽ ഒരേ ഒരു രക്ഷകനേയുള്ളു. മററു വസ്തുക്കൾക്കോ മനുഷ്യർക്കോ നമ്മെ രക്ഷിപ്പാനോ സ്വർഗ്ഗത്തിലേക്കു നയിക്കുവാനോ സാദ്ധ്യമല്ല നിലനില്ക്കുന്ന വില നമുക്കുവേണ്ടി തരുവാൻ അവയ്ക്കൊന്നിനും കഴികയില്ല. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛരിച്ചാൽ തന്നെത്താൻ ത്യജിച്ച് തൻെറ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നു ക്രിസ്തു പറയുകയുണ്ടായി (ലൂക്കോസ് 9 23). മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടി ഇതൊക്കെയും ലഭിക്കും എന്ന് കർത്താവ് വാഗ്ദാനം ചെയ്തു (മത്തായി6:33).

നിങ്ങൾ എന്തുകൊണ്ടാണ് ആരാധിക്കുന്നത്? ആരാണ് നിങ്ങളുടെ രക്ഷകൻ? നിങ്ങൾക്കു ആരെയും എന്തിനേയും വണങ്ങാം. നിങ്ങൾക്കു ആരെയും എന്തിനേയും ദൈവമായി പരിഗണിക്കാം. പക്ഷെ അതിനർത്ഥം അവ നിങ്ങളെ രക്ഷിക്കും എന്നു വരുന്നില്ല. ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും നിങ്ങൾക്കു ആശ്രയിക്കുവാനും ആ ദൈവത്തിൻെറ വചന പ്രകാരം രക്ഷപ്രാപിക്കുവാനും, ആരാധിക്കുവാനും നിങ്ങൾ തയ്യാറാകുന്നുവെങ്കിൽ ദൈവം നിങ്ങളെ രക്ഷിക്കും. സത്യം അറിയുവാനും അതു അംഗീകരിക്കാനും താമസിച്ചാൽ നഷ്ടമാകുന്നതു സ്വർഗ്ഗീയ വാസമായിരിക്കും എന്ന് ഓർമ്മിക്കുക.

★

# നിർജ്ജീവ സന്യാസികളുടെ ആദ്ധ്യാത്മിക വളർച്ച പുതിയ വഴിത്തിരിവിൽ

കളത്തുകാൽ രാജദാസ്

പ്രതികരിക്കാനുള്ള ശേഷിനഷ്ടപ്പെട്ട ഒരു വിഭാഗം ദൈവമക്കളെ, നിർജ്ജീവ സന്യാസികൾ എന്ന് വിശേഷിപ്പിക്കാവുന്നതാണ്. സുവിശേഷകരുടെ ഭംഗിവാക്കിലും പ്രലോഭനത്തിലും പ്രവചനത്തിലും വേരൂന്നി ധാരാളം വിശ്വസിക്കപ്പെടുന്നുവെന്ന് പ്രിയപ്പെട്ട വായനക്കാർക്കറിയാമോ ? ഇവർ മൂലേന രണ്ടു പതിററാണ്ടുകളായി പതിനായിരങ്ങൾ അന്ധ വിശ്വാസത്തിനും അനാചാരത്തിനും അടിമകളാണ്.

പെന്തെക്കോസ്തിലെ ഒരു കൂട്ടം സുവിശേഷകർ ജപിച്ചുകൊണ്ടിരിക്കുന്ന വാക്കുകളിലൊന്നാണ് ''ആദ്ധ്യാത്മിക വളർച്ച'' സമസ്ത ക്രിസ്ത്യാനികളും ആദ്ധ്യാത്മികമായി വളരാതെ മുരടിച്ചുപോവുകയാണെന്ന് ഇവർ വീറോടെ വാദിക്കുന്നു. എന്നാൽ ആ വളർച്ച ഇവരിൽ ഒരിടത്തു മാത്രം സുവിശേഷകന്റെ പണമിടപാടുനടത്തുന്ന ബാങ്ക് ബുക്കിൽ വീക്ഷിക്കാവുന്നതാണ്. ഇവരുടെ വളർച്ചയുടെ കാരണങ്ങളന്വേഷിച്ചാൽ പലർക്കുമൊരു ഷോക്കടിയായിരിക്കും. നിർധനന്റെയും പീഡിതന്റെയും പേരിലും ദൈവിക നാമധേയത്തിലും വചനവിരുദ്ധമായി പണപ്പിരിവു നടത്തി ഭൂസ്വത്തുക്കൾ സമ്പാദിക്കുകയും ഉദ്യാന വിരുന്നുകൾ സംഘടിപ്പിച്ചു ഉല്ലസിക്കുകയും ചെയ്യുന്നു. ധനശേഖരത്തെ മനുഷ്യ ദൈവങ്ങൾ ദുരുപയോഗപ്പെടുത്തുന്നതിലൂടെ

പാവപ്പെട്ടവർ വഞ്ചിതരാകുന്നു. സുവിശേഷ പ്രവർത്തനത്തെ ഉപജീവനമാർഗ്ഗമായി മാത്രം സ്വീകരിക്കാതെ, സേവനത്തിനായും ആത്മീക രക്ഷയ്ക്കായും, ധാർമ്മിക വീക്ഷണമായും ദൈവീക നിയമപ്രകാരമായും അംഗീകരിക്കണം. അതിലൂടെ മാത്രമേ യഥാർത്ഥ വചനാവിഷ്ക്കരണം സുവിശേഷകന് നേടാൻ കഴിയൂ.

നിർജ്ജീവ സന്യാസികളുടെ ആദ്ധ്യാത്മിക വളർച്ച ഇവരുടെ മട്ടും ഭാവത്തോടുകൂടി പുതിയ വഴിത്തിരിവിലൂടെ സഞ്ചരിക്കുന്നു. വിശ്രുതനായ പ്രൊഫ: വി. സാംബശിവൻ കഥാപ്രസംഗം അവതരിപ്പിക്കുവാൻ വേദിയിൽ പ്രവേശിക്കുംമുമ്പ് ഭാരവാഹികൾ വാഗ്ദാന തുക നല്കും. അതിന് ശേഷമേ അദ്ദേഹം കഥാപ്രസംഗം പറയൂ. അപ്രകാരമാണ് ഈ സുവിശേഷ പ്രസംഗകരും. കൺവെൻഷന് സ്റ്റേജിൽ കയറി ദൈവവചനത്തെ സംബന്ധിച്ചു സംസാരിക്കണമെങ്കിൽ അല്ലെങ്കിൽ ദൈവത്തിന്റെ ആദ്ധ്യാത്മികോപദേശത്തെപ്പററി പ്രസംഗിക്കണമെങ്കിൽ. പ്രതിഫല തുക മേടിച്ച് കീശയിൽ ഒതുക്കിയതിനുശേഷമേ സുവിശേഷകൻ അനന്തര പരിപാടികൾ നടത്തൂ.

ഈ ചടങ്ങിനോടനുബന്ധിച്ച് സുവിശേഷ പ്രസംഗകന് സുഖമായി പോകുവാനും കാറോ മറേറതെങ്കിലും വാഹനമോ ഏർപ്പാട് ചെയ്തുകൊടുക്കണം. വാഗ്ദാന തുകയും ഇതിനോട് കൂടെ കഴിവുള്ളവണ്ണം വേണ്ടത്ര സൗകര്യങ്ങൾ സംഘടിപ്പിച്ചില്ലെങ്കിൽ കയ്യാങ്കളിയും ഇറങ്ങിപോക്കും ഒക്കെ നടക്കാറുണ്ടു. ഇത് വചന ശുശ്രൂഷയായി സുവിശേഷകന് കാണാൻ കഴിയില്ല! പ്രേക്ഷകരെ ബോദ്ധ്യപ്പെടുത്താനുള്ള ഒരു ചടങ്ങുമാത്രമായിട്ടേ ഇക്കൂട്ടർ ഇതിനെ കാണുന്നുള്ളൂ. കാരണം പണത്തിന് മേൽ പരുന്തും പറക്കില്ലല്ലോ ? പിന്നെ ഭൗതിക വീക്ഷണത്തിലൂടെ ചിന്തിക്കുന്നുവെങ്കിൽ കൺവെൻഷന് മാററു കൂട്ടാൻ സംഗീത വിരുന്ന് മികച്ച് നില്ക്കും. ഇതെല്ലാം ആത്മികമോ എന്നു നിങ്ങൾ തന്നെ വിധിപ്പിൻ.

മററു ചില കൂട്ടർ ഭവനങ്ങൾ സന്ദർശിച്ച് അംഗങ്ങളെ സ്വാധീനിക്കുകയും ചെയ്യും. എന്നിട്ടോ? തങ്ങൾ വസിക്കുന്ന സ്ഥലം കുഴപ്പം പിടിച്ചതാണെന്നും, അയൽക്കാരൻെറ ആഭിചാരപ്രയോഗം ഈ ഭവനത്തിൽ നിലകൊള്ളുന്നുവെന്നും പ്രവചിച്ചു പറയുന്ന ചില കുബുദ്ധികളും ഇല്ലാതില്ല. ഇത്തരം കിംവദന്തികൾ മൂലം അന്ധവിശ്വാസം ക്രിസ്ത്യാനികളെന്നു ധരിച്ചു വെച്ചിരിക്കുന്നവരുടെ മനസ്സിൽ പ്രസരിക്കുകയും, അവർ നേർവഴി വിട്ട് അബദ്ധമായ വിശ്വാസത്തിലേക്കു പ്രവേശിക്കയും ചെയ്യുന്നു. ഇത്തരം ആത്മീയ കയ്യേററം വചന വിരുദ്ധമാണ്. ഇതിനെതിരെ സത്യക്രിസ്ത്യാനികൾ ശബ്ദമുയർത്തണം. എന്നാൽ മാത്രമേ ജീവനുള്ള ദൈവത്തെപ്പററി മനുഷ്യർ ബോധവാന്മാരാകൂ. ഉറങ്ങുവാനുള്ള സമയമല്ലിതു.

നിർജ്ജീവ സന്യാസികളുടെ വശീകരണ വാചക വലയിൽ വഞ്ചിതരായി വീണവർക്കു പ്രതികരിക്കാനുള്ള ശേഷി നഷ്ടപ്പെട്ടിരിക്കുന്നു. സത്യം ചിന്തിയ്ക്കാൻ കഴിയാത്ത, കേവലം പാഴ്ച്ചെടികളായി അവർ അവശേഷിക്കുന്നു. **"ഭക്തിയുടെ വേഷം ധരിച്ചു അതിൻെറ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക"** എന്ന് ബൈബിൾ പഠിപ്പിക്കുന്നു. അവർ സത്യം അനുസരിക്കായ്കകൊണ്ടത്രെ ഇങ്ങനെ സംഭവിക്കുന്നതു.

എന്നാൽ വിപുലമായൊരു ആദ്ധ്യാത്മിക വളർച്ച പുതുതായി വളർന്നു വരേണ്ടതാവശ്യമാണ്. നിർജ്ജീവ സന്യാസികളുടെ ചതിയിൽ അകപ്പെട്ട്, ആഭിചാര പ്രയോഗത്തിലും അന്ധവിശ്വാസത്തിലും ചിരസ്ഥായിയായി ജീവിക്കുന്ന ഒരു കൂട്ടരുടെ ആത്മികവും ഭൗതികവുമായ മോചനത്തിനായി നാം ഓരോരുത്തരും യത്നിക്കുക. ആദ്ധ്യാത്മിക വളർച്ചക്കു വേദപുസ്തക പഠനം അനിവാര്യമാണ്. ഇതിലൂടെ മാത്രമേ ധാർമ്മിക പുരോഗതി കൈവശമാക്കുവാൻ സാധിക്കൂ.

ദൈവ വചനം നാം ദിവസേന പരിശോധിച്ച് പോരായ്മകളെ ഇല്ലാതാക്കുക. തെററു പററാത്ത മനുഷ്യരില്ല. അതു മനസിലാക്കി മാനസാന്തരപ്പെട്ട് ദൈവേഷ്ടം സൌമ്യതയോടെ നിറവേററുക. ദൈവ വചനം, നമ്മുടെ ഹൃദയങ്ങളിൽ വേരൂന്നിയാൽ മാത്രമെ അതിന് തക്ക തഴക്കം നമ്മുടെ ജീവിതത്തിൽ ഉണ്ടാകൂ. ദൈവത്തെ പരിഹസിച്ചുകൂടാ. നമ്മുടെ ദൈവം തീഷ്ണതയുള്ള ദൈവമാണ് എന്നോർമ്മിക്കുക.

★

# ഞാൻ രചിച്ച കവിതകൾക്ക് ദുഃഖത്തിൻെറ നിറം

**സാമുവൽ കാലായിൽ**

ഞാൻ കടലോരത്ത് എന്നും എത്തിയത് വിഷാദങ്ങളം മാക്കുവാനും, കവിത എഴുതുവാനുമായിരുന്നു. എൻെറ ഈ രഹസ്യം അറിയാവുന്നു ഒരേ ഒരാൾ പത്രാധിപർ വിശ്വം ആയിരുന്നു.

നിശയുടെ പൂക്കൾ കടലോരത്ത് എത്തി എനിക്ക് സുഗന്ധം നൽകും വരെ ഞാൻ കടലോരത്ത് അലയും. അത് ഒരു ശീലമായി മാറി. തിരകളെയും, കടലോരത്തെയും മറന്നു. കൂടെ ഒരു വേളാ പത്രാധിപർ വിശ്വം ചോദിച്ചു. അന്ന്, പാതിവിടർന്ന ചന്ദ്രനെ നോക്കി ഞാൻ നിറമിഴികൾ തുടയ്ക്കവേ പത്രാധിപർ വിശ്വം തൻെറ ബ്രീഫ്കേയ്സുമായി കൈകൾ വീശിനടന്നു മറഞ്ഞു. പത്രാധിപർ വിശ്വം അന്ന് മരണത്തിൻെറ തീരത്തേക്ക് യാത്രയാവുകയായിരുന്നു. വിധിയെന്നു അന്നും ഞാൻ കരുതി, തേക്കടി ഫാസ്ററ് വിശ്വമിൻെറ ജീവൻ കവർന്നു. ഒരു സുഹൃത്ത്

നഷ്ടപ്പെട്ടതിൽ ഇന്നും ഞാൻ മിഴിനീർ തുടയ്ക്കുന്നു. പക്ഷേ, കണ്ണുനീരും പുഞ്ചിരിയും ജീവിതത്തിന്റെ രണ്ടു ഭാഗങ്ങളാണ്. അതാണ് ജീവിതത്തെക്കുറിച്ചുള്ള ഫിലോസഫി. ഏററവും നല്ല കവിയ്ക്കുള്ള പല അവാർഡുകളും എന്നെ തേടി എത്തി. സുഹൃത്തുക്കൾ അഭിനന്ദനത്തിന്റെ പൂക്കളുമായി എന്റെ അരികിൽ എത്തി. പക്ഷേ എന്റെ തേങ്ങുന്ന ഹൃദയം മാത്രം ആരും കാണാതെ പോയതിൽ വേദന ഉണ്ട്.

ഒരു നാൾ പതിവിലും അധികമായി മദ്യപിച്ചാണ് ഞാൻ വീട്ടിൽ എത്തിയത്. ഭാര്യയുടെ വിഷാദം പൂണ്ട മുഖം; കണ്ണുനീർതുള്ളികൾ നിറഞ്ഞ കണ്ണുകൾ അത് കണ്ട് നീലാകാശത്തിലെ നീലമേഘങ്ങൾ പറയും പോലെ ഇതും ജീവിതത്തിന്റെ സാരം മാത്രം. ഇനി ഞാൻ മദ്യപിക്കുകയില്ല വിമലം, മാപ്പ് തരൂ. പതിവ് വാക്കുകൾ കേട്ട് വിമല മുഖം തിരിച്ചു. അത് ഒരു ഭംഗിവാക്ക് മാത്രമാണെന്നു വിമല അറിയുന്നു.

നാളുകൾ അകലുന്തോറും ഞാൻ അസ്വസ്ഥനായിക്കൊണ്ടിരുന്നു. വേദനിക്കുന്ന ദിനരാത്രങ്ങൾ. ദുഃഖത്തിന്റെ ഒരു തുരുത്തായി മാറുന്ന എന്റെ ജീവിതം. ഒരു നാൾ ഞാൻ ആ മുഖം കണ്ടെത്തി. സ്നേഹം മാത്രം വിടർന്നു നിൽക്കുന്ന മുഖം ആ സ്നേഹനായകൻ തന്റെ കൈകൾ കൊണ്ട് എന്നെ മാടി വിളിക്കുന്നു. "നീ, എന്റെ അരികിൽ വരൂ, ഞാൻ ശാന്തി തരാം, സ്നേഹം തരാം" നിറമിഴിയോടെ ഞാൻ ആ സത്യം അറിഞ്ഞു. ആ സ്നേഹനായകന്റെ കൈകളിൽ ആണിതറച്ച പാടുകൾ... രക്തം ഒഴുകുന്ന കൈകൾ, അത് കണ്ടു ഞാൻ തേങ്ങി തേങ്ങി കരഞ്ഞു. അപ്പോൾ പുഞ്ചിരി തൂകുന്ന മുഖത്തോട് കൂടി അവിടന്ന് പറഞ്ഞ വാക്കുകൾ നീ ചെയ്ത തെററുകൾക്ക് ഉള്ള ശിക്ഷ ഞാൻ ഏററു വാങ്ങി, നിന്നെ സ്വതന്ത്രനാക്കുവാൻ വേണ്ടി അവസാനമായി

ഞാൻ വിറയാർന്ന ആ വാക്കുകൾ നിറമിഴിയോടെ പറഞ്ഞു തീർത്തു.

അങ്ങ് എനിക്ക് മാപ്പ് തരൂ....
ഒരിക്കൽ കൂടി മാത്രം....

ഇന്ന്, ഞാൻ കരയാറില്ല. കാരണം ആ നല്ല സ്നേഹിതൻ എപ്പോഴും എന്നെ ആശ്വസിപ്പിക്കുന്നു.

***

# രക്ഷകർത്താക്കളും കുട്ടികളും

## ബെററി. ബി. സി.

ഒരിക്കൽ ഒരു അപ്പനും അമ്മക്കും രണ്ടു ആൺകുട്ടികൾ ഉണ്ടായിരുന്നു. നല്ലൊരു കുടുംബമായിരുന്നു. അവരുടേതു. പക്ഷെ അവർക്കു ഒരു പ്രശ്നം ഉണ്ടായിരുന്നു. മൂത്ത കുട്ടി അപ്പനും ഇളയ മകൻ അമ്മയ്ക്കും ഇഷ്ടപ്പെട്ടവരായിരുന്നു. അതിൽ എന്താണിത്ര കുഴപ്പം എന്നു ചിന്തിക്കുന്നവരുണ്ട്. അതിൽ ദോഷം പതിയിരിക്കുന്നു എന്ന്, കുറച്ചു കഴിയുമ്പോൾ വ്യക്തമാകും.

ഇന്നും നമുക്കു ചുററും ഇത്തരം അകൃത്യം കേൾക്കുവാനും കാണുവാനും കഴിയും. ചില രക്ഷകർത്താക്കൾ പ്രശംസയോടുകൂടി തങ്ങളുടെ ഇഷ്ടപ്പെട്ട കുട്ടിയെ എടുത്തുകൊണ്ട് മററു കുട്ടികളേക്കാൾ സ്നേഹവായ്പും വാൽസല്യവും പരസ്യമായി പ്രകടിപ്പിക്കും. കുട്ടികൾക്കു ഇതു നന്നായി അറിയുകയും ചെയ്യാം.

ചിലപ്പോൾ ഈ അററകുററങ്ങൾ മററു രീതിയിൽ കാണപ്പെടാറുണ്ട്. ഇഷ്ടപ്പെട്ട കുട്ടിക്കു നല്ല ആഹാരം കൊടുക്കും. അതു കൂടുതലായെന്നും വരാം. അതുപോലെ തന്നെ

വസ്ത്രത്തിന്റെ കാര്യത്തിലും കുടുംബത്തിലെ അവകാശത്തിന്റെ കാര്യം വരുമ്പോൾ കൂടുതൽ പങ്കോ അല്ലെങ്കിൽ മുഴുവൻ പങ്കോ ഇഷ്ടമുള്ള മകനോ മകൾക്കോ നൽകുന്നു. മററുള്ളവരെ തഴയുകയും ചെയ്യും. പ്രിയപ്പെട്ട കുട്ടിക്ക് എന്തെങ്കിലും അസുഖം വന്നാൽ ഉടനെ ചികിൽസക്കായി ധൃതി വെയ്ക്കും. മരുന്നുകൾ യഥേഷ്ടം; എന്നാൽ ഇഷ്ടമില്ലാത്തവർക്കു എത്ര കഠിനരോഗം വന്നാലും തിരിഞ്ഞു നോക്കുകയില്ല. വിദ്യാഭ്യാസത്തിലും അച്ചടക്കത്തിലും എല്ലാം ഈ വിവേചനം നിലനിൽക്കുന്നു.

നമ്മുടെ കഥയിലേക്കു മടങ്ങിവരുമ്പോൾ അവിടെ ഒരു പ്രശ്നം ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലൊ. അതു പക്ഷഭേദമായിരുന്നു. കുട്ടികൾക്കിടയിൽ വ്യത്യാസം കാണിക്കുന്നതു അത്ര ഗൗരവമായ ഒരു പ്രശ്നമാണോ ? ഇത്തരം വേർതിരിച്ചു കാണിക്കുന്ന സ്നേഹം വാസ്തവത്തിൽ വലിയ അപകടം വരുത്തിവെക്കുന്നതാണോ? നമ്മുടെ ആ കഥയിലേക്കു കടന്നു പരിശോധിക്കാം.

ഉൽപത്തി 25:28-ൽ ദൈവവാക്യം പറയുന്നു ''ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതുകൊണ്ടു യിസഹാക്ക് അവനെ സ്നേഹിച്ചു.'' കുട്ടികൾ വളർന്നു പുരുഷൻമാരായി തീർന്നു. മൂത്ത മകന് ഒരു പ്രത്യേക അനുഗ്രഹം കൊടുക്കേണ്ട സമയമായി. ഈ സംഭാഷണം ശ്രവിച്ച റിബേക്ക ആ അനുഗ്രഹം യാക്കോബിന് ലഭിക്കേണ്ടതിനു വഴി ഒരുക്കുന്നു. ഇപ്പോൾ ഇസഹാക്കിന്റെ കാഴ്ച്ച ശക്തിയും ക്ഷയിച്ചുപോയി. യാക്കോബ്, തന്റെ പിതാവിനെ താൻ തന്നെയാണ് ഏശാവ് എന്ന് തെററായി ധരിപ്പിച്ച് അനുഗ്രഹം കൈക്കലാക്കി. പക്ഷെ ഏശാവ് ഇതറിഞ്ഞപ്പോൾ കോപാകുലനായി തന്റെ സഹോദരനെ കൊല്ലുമെന്ന പ്രഖ്യാപനവും നടത്തി. ഇവർക്കിടയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതുവരെ യാക്കോബിനെ ദൂരെ തങ്ങളുടെ അകന്ന ബന്ധുവിന്റെ അടുക്കലേക്ക് അയച്ചു.

അങ്ങനെ യാക്കോബ് ഇരുപതു വർഷം നാടു കടത്തപ്പെട്ട അവസ്ഥയിൽ കഴിയുമ്പോൾ തന്റെ അപ്പനും അമ്മയും മരിച്ചുപോയി. അവരെ വന്നു കാണുവാൻ പോലും യാക്കോബിനു കഴിഞ്ഞില്ല (ഉൽപത്തി 25-33).

പക്ഷഭേദം വാസ്തവത്തിൽ ഒരു പ്രശ്നം തന്നെയാണോ ? കുടുംബബന്ധത്തിൽ കാര്യമായ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുവോ ? പലരും അതിനെ അത്ര ഗൗരവമായി എടുക്കാറില്ല എന്നതു ശരിയാണ്. സാധാരണ ഓരോ ഭവനത്തിലും ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവപ്പെടാറുണ്ട്. നിസ്സാരമായ ഇത്തരം സ്വഭാവങ്ങൾ മുളയിലേ നുള്ളിക്കളയാൻ നമുക്കു കഴിയണം. ഭൗമിക ജീവിതത്തിൽ നമ്മുടെ സ്വന്തം ഇഷ്ടങ്ങളെക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിനു നാം സ്ഥാനം കൊടുക്കണം.

ഇസഹാക്കിന്റെ ഭവനത്തിൽ പക്ഷഭേദം വിവിധ പ്രശ്നങ്ങളും ദുഃഖപര്യവസായിയായ പല സംഭവവികാസങ്ങളും ഉണ്ടായി.

1. മാതാപിതാക്കൾ തമ്മിലുള്ള മത്സരം
2. മക്കൾ തമ്മിലുള്ള മത്സരം
3. പിതാവിനോടു ഭോഷ്ക്കു പറയുന്നു
4. പിതാവിനെ വഞ്ചിക്കുന്നു
5. ഏശാവ് യാക്കോബിനെ വെറുക്കുന്നു
6. യാക്കോബിനെ കൊല്ലുവാൻ ഏശാവ് ഹൃദയത്തിൽ നിരൂപിക്കുന്നു
7. യാക്കോബിനു തന്റെ വീടുവിട്ടു ദീർഘനാൾ ദൂരെ കഴിയേണ്ടിവന്നു
8. ഏകാന്തതയും ദുഃഖവും കുടുംബാംഗങ്ങൾക്കു അനുഭവപ്പെട്ടു

എല്ലാ കുട്ടികളിലും വികാരങ്ങളും വിചാരങ്ങളും ഉണ്ട്. എല്ലാവർക്കും ആത്മാഭിമാനം ആവശ്യമാണ്. മാതാപിതാക്കളുടെ സ്നേഹം ഓരോരുത്തർക്കും വേണം. മാതാപിതാക്കളായ നമ്മുടെ കർത്തവ്യമാണ് അവരുടെ ഈ ആവശ്യങ്ങൾ നിറവേററുക എന്നതു. ആഹാരവും വസ്ത്രവും മററു വസ്തുക്കളും കുട്ടികൾക്കാവശ്യമുള്ളതുപോലെ നമ്മുടെ സ്നേഹവും പരിലാളനവും വ്യത്യാസം കൂടാതെ നാം പകർന്നു കൊടുക്കണം. ആരെയെങ്കിലും കൂടുതൽ സ്നേഹിക്കുന്നു എന്നു വരുത്തി മററുകുട്ടികളെ വ്യണപ്പെടുത്തുന്ന മനോഭാവം നല്ലതല്ല.

പ്രവൃത്തി. 10:34-ൽ പറയുന്നു: ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. അതുപോലെ റോമർ 2:11,12; 1തിമൊ. 5:21; യാക്കോബ് 2:9 എന്നീവാക്യങ്ങൾ കൂടെ വായിക്കുക ഉയരത്തിൽ നിന്നുള്ള ജ്ഞാനം മുഖപക്ഷം കാണിക്കാത്ത വിശുദ്ധവും സമാധാനവുമായ സ്നേഹത്തെ പ്രകടമാക്കുന്നു (യാക്കോബ് 3:17).

ദൈവത്തിൻെറ മക്കളെ എല്ലാവരേയും ദൈവം ഒരുപോലെ കാണുന്നതുപോലെ തന്നെ നാം നമ്മുടെ മക്കളേയും കാണണം. വ്യത്യാസം ഒരു വിധത്തിലും വരാത്തവിധം പെരുമാറിയാൽ കുഞ്ഞുങ്ങൾ തമ്മിൽ പ്രശ്നങ്ങൾ കുറഞ്ഞിരിക്കും. മാത്രമല്ല അവരുടേയും മാതാപിതാക്കളുടേയും മനസും ഹൃദയവും സന്തുഷ്ടമായി നിലകൊള്ളുകയും ചെയ്യും. മന: ശാസ്ത്രപരമായ ഈ തത്വം അറിഞ്ഞുകൊണ്ട് നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ കുട്ടികളോടു പെരുമാറുക. കുടുംബ ജീവിതം അങ്ങനെ ശാന്തമാക്കി തീർക്കുക. നിരൂപണങ്ങളും ചിന്തകളും പ്രവൃത്തിയിൽ വരുന്നതിനു മുൻപ് അനന്തര ഫലത്തെ കുറിച്ച് ബോധവാന്മാരാകുക.

★

# പ്രവാചകൻ

## J. ഫ്രാൻസീസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പുറപ്പാടു പുസ്തകത്തിൽ നാം കാണുന്ന ഒരു പ്രവാചകനാണു മോശ. അവൻ വിക്കനും, തടിച്ച, നാവുള്ളവനും, വാക്സാമർത്ഥ്യം ഇല്ലാത്തവനുമായിരുന്നു. ദൈവം തന്റെ ജനത്തെ രക്ഷിക്കുവാൻ പദ്ധതികൾ ഒരുക്കുന്നു. ആ പദ്ധതികൾ നടപ്പിൽ വരുത്തുന്നതു നിസാരന്മാരിൽ കൂടിയാണെന്നു മോശയുടെ ചരിത്രം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു.

ലേവി കുടുംബത്തിലെ ഒരു പുരുഷനിലും കന്യകയിലും കൂടെ ജനിച്ചവനാണു മോശ. ഇസ്രായേൽ ജനത്തിന്റെ വംശപാരമ്പര്യം കുറപ്പിക്കുവാൻ വേണ്ടി ജനിക്കുന്ന ആൺ കുഞ്ഞുങ്ങളെ കൊല്ലുന്നതിനായി നദിയിൽ ഇട്ടുകളവാൻ ഫറവോൻ കല്പിച്ചു. ദൈവ പദ്ധതി മാററിമറിക്കുവാൻ മനുഷ്യർക്കു കഴിയുകയില്ല. ദൈവം തന്റെ പദ്ധതി നടപ്പിൽ വരുത്തുവാൻ മോശയെ ഒരുക്കി എടുത്തു. അവന്റെ മാതാപിതാക്കൾ അവനെ ജനിച്ചതിനുശേഷം മൂന്നുമാസം വരെ ഒളിപ്പിച്ചു വച്ചു. ഇനിയും അവനെ ഒളിപ്പിച്ചു വക്കുന്നതു അപകടമാണെന്നു മനസ്സിലാക്കിയ അവർ ഞാങ്ങണ കൊണ്ടു ഉണ്ടാക്കിയ ഒരു പെട്ടകം വാങ്ങി. അതിൽ പശയും കീലും തേച്ച് ബലപ്പെടുത്തി. കുഞ്ഞിനെ അതിൽ കിടത്തി. നദിയുടെ അരികിൽ വളർന്നു നിന്ന ഞാങ്ങണകളുടെ ഇടയിൽ കുഞ്ഞോടുകൂടിയ പെട്ടകം അവന്റെ പെങ്ങൾ വച്ചു. അവൾ ദൂരെ മാറിനിന്നു വീക്ഷിച്ചു.

അല്പം കഴിഞ്ഞപ്പോൾ ഫറവോൻെറ പുത്രി ദാസിമാരോടു കൂടി നദിയിൽ കുളിക്കുവാൻ വന്നു. അവർ ആ പെട്ടകം കണ്ടു. ഫറവോൻ പുത്രിയുടെ നിർദേശ പ്രകാരം ദാസിമാർ അതു എടുത്തുകൊണ്ടു വന്നു. തുറന്നു നോക്കിയപ്പോൾ മനോഹരമായ ഒരു പിഞ്ചുകുഞ്ഞ്. അത് കരയുന്നു. കുഞ്ഞിൻെറ കരച്ചിൽ കേട്ടാൽ അലിവുതോന്നാത്ത സ്ത്രീ ഹൃദയം ഈ ലോകത്തിൽ ഉണ്ടായിട്ടുണ്ടോ ? അവളുടെ ഹൃദയത്തിലും അലിവു ഉണ്ടായി. അപ്പോൾ അവൻെറ പെങ്ങൾ അവളുടെ അടുക്കൽ ഓടി എത്തി, കുഞ്ഞിനു മുലകൊടുക്കുന്നതിനായി ഒരു എബ്രായ സ്ത്രീയെ വിളിച്ചുകൊണ്ടുവരുന്നതിനായി അവൾ അനുവാദം ചോദിച്ചു. അവൾ അനുവദിച്ച പ്രകാരം എബ്രായ സ്ത്രീയെ വിളിച്ചുകൊണ്ടുവന്നു. മുല കൊടുത്തു വളർത്തുന്നതിനായി അവളെ അവൾ ശമ്പളത്തിൽ നിയമിച്ചു. ആ സ്ത്രീ മററാരുമല്ലായിരുന്നു. കുഞ്ഞിൻെറ അമ്മ ആയിരുന്നു. അവൻ വളർന്നപ്പോൾ ഫറവോൻ പുത്രിയുടെ അടുക്കൽ പോയി. അവൾ അവനെ മകനായി ലാളിച്ചു. അരമനയിൽ താമസിപ്പിച്ചു. വെള്ളത്തിൽ നിന്നു വലിച്ചെടുത്തു എന്നു പറഞ്ഞുകൊണ്ടു അവൾ അവനു മോശ എന്നു പേരിട്ടു (പുറ. 2:1-10).

മോശ മുതിർന്ന ശേഷം അവൻെറ സഹോദരന്മാരുടെ അടുക്കൽ ചെന്നു. അവൻ അവരുടെ കഠിനവേല കണ്ടു അവരോടു അലിവു തോന്നി, ഒരു മിസ്രയീമ്യൻ അവൻെറ സഹോദരന്മാരിൽ ഒരുവനെ അടിക്കുന്നതു അവൻ കണ്ടു. അതിൽ അവൻ ക്ഷുഭിതനായി. ചുററും നോക്കിയപ്പോൾ അവൻ വേറെ ആരെയും കണ്ടില്ല. അവൻ മിസ്രയീമ്യനെ അടിച്ചുകൊന്നു മണലിൽ മറവു ചെയ്തു. പിറെറ ദിവസം രണ്ടു എബ്രായർ തമ്മിൽ ശണ്ഠകൂടുന്നതു അവൻ കണ്ടു, അന്യായം ചെയ്തവനോടു സഹോദരനെ അടിക്കുന്നതു എന്തിനു എന്നു അവൻ ചോദിച്ചു. അതു അവനു ഇഷ്ടപ്പെട്ടില്ല. മോശ, ഒരു മിസ്രയീമ്യനെ അടിച്ചുകൊന്നു മറവുചെയ്ത കാര്യം അവൻ വിളിച്ചു പറഞ്ഞു. അതു കാട്ടുതീ പോലെ

എല്ലായിടവും പടർന്നു. ഫറവോന്റെ കാതുകളിലും എത്തി. ഫറവോൻ കൊല്ലുവാനായി മോശയെ അന്വേഷിച്ചു. വിവരം അറിഞ്ഞ മോശ മിദ്യാൻ ദേശത്തിലേയ്ക്കു ഓടിപ്പോയി. അവൻ അവിടെ താമസിച്ചു. റഗുവേലിന്റെ പുത്രി സിപ്പോറയെ അവൻ വിവാഹം ചെയ്തു (2:11-15,21). ഇസ്രായേൽ മക്കൾ അടിമ വേലയാൽ നെടുവീർപ്പിട്ടുകൊണ്ടിരുന്നു. അവരുടെ വിളി ദൈവം കേട്ടു. അവരെ കടാക്ഷിച്ചു (2:23-25).

മിദ്യാനിൽ അവന്റെ പ്രധാന തൊഴിൽ അമ്മായിയപ്പനായ യിത്രോവിന്റെ ആടുകളെ മേയ്ക്കുകയായിരുന്നു. ഒരു ദിവസം അവൻ ആടുകളുമായി ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ എത്തി. അവൻ അവിടെ അൽഭുതകരമായ ഒരു ദൃശ്യം കണ്ടു. മുൾപടർപ്പു തീപ്പിടിച്ചു കത്തുന്നു. എന്നാൽ അതു വെന്തുപോകുന്നില്ല; അവൻ അൽഭുതപ്പെട്ടു. അതു നോക്കുവാൻ അവൻ അടുത്തുചെന്നു. യഹോവ മോശ വരുന്നതു കണ്ടു. കത്തുന്ന മുൾപടർപ്പിന്റെ നടുവിൽ നിന്നുകൊണ്ടു യഹോവ മോശെ, മോശെ എന്നു വിളിച്ചു. ഇതാ ഞാനെന്നു അവൻ ഉത്തരം പറഞ്ഞു. നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമി ആകയാൽ കാലിൽ നിന്നു ചെരിപ്പു അഴിച്ചുകളക എന്നു പറഞ്ഞു. അവൻ അപ്രകാരം ചെയ്തു. ഇതിന്റെ ഓർമ്മയ്ക്കു ആയിരിക്കാം ഇന്നും മുസ്ലിംങ്ങൾ തങ്ങളുടെ ആരാധനാ സ്ഥലമായ മദ്രസയിൽ കയറുമ്പോൾ ചെരുപ്പുകൾ അഴിച്ചു കാലുകൾ കഴുകി പ്രവേശിക്കുന്നത്. മോശ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു. മുഖം മൂടി. യിസ്രായേൽ മക്കളെ മിസ്രയീമ്യരുടെ കഠിനവേലയിൽ നിന്നു വിടുവിച്ചു പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കു കൊണ്ടു വരുവാൻ ദൈവം മോശയോടു നിർദ്ദേശിച്ചു (3:1-22). ആ ദൗത്യം ഏറ്റെടുക്കുവാൻ മോശ ആദ്യം മടിച്ചു കാരണം തന്റെ ബലഹീനത എന്തുമാത്രം ആണെന്നു മോശ പൂർണ്ണമായി മനസ്സിലാക്കിയിരുന്നു. അവൻ അതു ദൈവത്തോടു ഏററുപറഞ്ഞു. ദൈവത്തിനു ചെയ്യുവാൻ കഴിവില്ലാത്തതു

ഒന്നും തന്നെ ഈ ലോകത്തിൽ ഇല്ലായെന്നു അവനു ദൈവം മനസ്സിലാക്കികൊടുത്തു. ആ കാര്യം പൂർണ്ണമായി അവൻ വിശ്വസിക്കേണ്ടതിനായി ദൈവം രണ്ടു അൽഭുതങ്ങൾ അവനെ കൊണ്ടു ചെയ്യിപ്പിച്ചു. ആദ്യമായി ദൈവം കൽപിച്ച പ്രകാരം മോശ തറയിൽ ഇട്ട വടി സർപ്പമായി തീർന്നു. അതിന്റെ വാലിൽ പിടിച്ചപ്പോൾ അതു പഴയതുപോലെ വടിയായി തീർന്നു. രണ്ടാമതായി അവൻ കൈ മാർവ്വിടത്തിൽ ഇട്ടു പുറത്തെടുത്തപ്പോൾ ഹിമം പോലെ വെളുത്തു കുഷ്ഠം ബാധിച്ചതുപോലെ ആയി. വീണ്ടും അപ്രകാരം ചെയ്തപ്പോൾ കൈ പഴയതുപോലെ ആയി (4:3-7).

അവൻ ദൈവത്തിൽ വിശ്വസിച്ചു. അവന്റെ വാക്കുകളെ അനുസരിച്ചു. ആ ദൗത്യം ധീരതയോടുകൂടി ഏറ്റെടുത്തു. കുടുംബസമേതം മിസ്രയീമിലേക്കു പുറപ്പെട്ടു. അവൻ മിസ്രയീമിൽ എത്തിയപ്പോൾ ദൈവകൽപനപ്രകാരം മോശയുടെ സഹോദരനായ അഹരോൻ അവനെ സ്വീകരിച്ചു. അവർ യിസ്രായേൽ മൂപ്പൻമാരെ കൂട്ടിവരുത്തി. ദൈവം പറഞ്ഞതൊക്കെയും അവരോടു പറഞ്ഞു. ദൈവം ചെയ്യുവാൻ പറഞ്ഞിരുന്ന അൽഭുതങ്ങളൊക്കെയും അവർക്കു ചെയ്തു കാണിച്ചുകൊടുത്തു. അവർ അവരെ വിശ്വസിച്ചു. ദൈവത്തെ പുകഴ്ത്തി (4:27-30).

അതിനുശേഷം മോശയും അഹരോനും കൂടി ഫറവോന്റെ അടുക്കൽ ചെന്നു. യിസ്രായേൽ ജനത്തെ മരുഭൂമിയിൽ ചെന്നു അവരുടെ ദൈവമായ യഹോവയ്ക്കു ഉൽസവം കഴിക്കേണ്ടതിനു അവരെ വിട്ടയപ്പാൻ യഹോവ കൽപിക്കുന്നു എന്നു അറിയിച്ചു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

സാജു ജോർജ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

വീക്ഷാ ഗോപുരക്കാർ എങ്ങനെ ഉത്തരം പറയും. അബ്രഹാമിന്റെ മുമ്പിൽ നിന്ന മൂന്നുപേർ ആര്? ലോത്തിന്റെ അടുക്കലേയ്ക്കു ചെന്ന രണ്ടുപേരെയും യഹോവ എന്നു വിളിക്കുമ്പോഴം തന്നെ അബ്രഹാമിന്റെ മുമ്പിൽ നില്ക്കുന്ന വ്യക്തിയെ അബ്രഹാം യഹോവ എന്ന് വിളിക്കുന്നു. എന്തുകൊണ്ട്? അതുപോലെ ഗന്ധകവും തീയും വർഷിപ്പാൻ യഹോവ സ്വർഗ്ഗത്തിലും ഇരിക്കുന്നു. അപ്പോഴം ഭൂമിയിൽ കടന്നുവന്നവരെ അബ്രഹാം യഹോവ (കർത്താവ്) എന്ന് വിളിക്കുന്നതെന്തുകൊണ്ട്? യഹോവ ഒന്നിലധികമാണോ? അതോ.... ദൈവത്തിന് ഒരു സമയത്തുതന്നെ ഒന്നിലധികം വ്യക്തികളുമായി ബന്ധപ്പെടുവാൻ കഴിയുമെന്ന കാര്യം മനസ്സിലാക്കുമോ? ഭൂമിയിൽ യഹോവ നിന്നാൽ സ്വർഗ്ഗത്തിൽ ദൈവം ഇല്ലാതെയാകുകയില്ല! സുഹൃത്തേ, താങ്കളുടെ എളിയ ബുദ്ധികൊണ്ടു **ദൈവത്തെ** അളന്ന് തൂക്കി നോക്കരുതേ!

**സങ്കീർത്തനം 115:16**

**'The heaven, even the heavens; are the Lord's; but the earth hath be given to the children of men (K J V).'**

"സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു".

മനുഷ്യന്റെ ജീവിത ലക്ഷ്യം, പ്രത്യാശ (destiny) സ്വർഗ്ഗത്തിലല്ല, ഭൂമിയിലാണ് എന്ന് തെളിയിക്കുന്നതിനായി വീക്ഷാ ഗോപുരവാദികൾ എപ്പോഴും ഉപയോഗിക്കുന്ന വേദഭാഗമാണിത്. 144000 (നൂറ്റിനാല്പത്തിനാലായിരം) എന്ന പരിമിതമായ ഒരു സംഖ്യ മാത്രമാണ് സ്വർഗ്ഗത്തിലെ വാസത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരെന്നും, ആ സംഖ്യ 1935-ൽ പൂർത്തിയായി എന്നും പറയുന്നു. 1935-നുശേഷമുള്ള വിശ്വാസികൾക്കു ഭൂമിയിലെ പറുദീസയാണ് തങ്ങളുടെ പ്രത്യാശയെന്ന് അവർ പഠിപ്പിക്കുകയും ചെയ്യുന്നു. (വെളിപ്പാട് 7:9-ൽ നാം പഠിക്കുമ്പോൾ 1935, ഉം 144000-എന്ന കാര്യവും വിശദമായി ചിന്തിക്കാം).

കർത്താവായ യേശുക്രിസ്തു മദ്ധ്യസ്ഥനായിനിന്നു കൊണ്ട് സ്ഥാപിച്ച പുതിയ നിയമത്തിന്റെ പ്രാധാന്യത്തെ കുറച്ചുകാണിച്ചുകൊണ്ട് പഴയനിയമത്തിലെ വേദഭാഗങ്ങളിൽ അമിത പ്രാധാന്യം നല്കി, ഒരു പുതിയ തരത്തിൽ തങ്ങളുടെ അനുയായികളെ യഹൂദമത വിശ്വാസത്തിന്റെ പുതിയ മേഖലയിലേയ്ക്കു വീക്ഷാ ഗോപുരക്കാർ വളർത്തിയെടുക്കുന്നതിന് (into a twisted form of Judaism) ഉപയോഗിക്കുന്ന ഭാഗങ്ങളിൽ ഒന്നാണ് സങ്കീർത്തനം 115:16. ഈ വേദഭാഗത്തിന്റെ മറുപടിയായി എബ്രായർ 3:1 അവരെ മനസ്സിലാക്കി കൊടുക്കുക; അവിടെ രക്ഷകനായ യേശുക്രിസ്തുവിന്റെ എല്ലാ അനുയായികളെയും ''സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായുള്ളോരേ'' (heavenly calling) എന്നാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. കൂടാതെ യോഹന്നാൻ 14:2-3-ൽ ''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും''. കൂടാതെ

യേശുക്രിസ്തു പ്രാർത്ഥിക്കുമ്പോൾ പറഞ്ഞതായ ചില ഭാഗങ്ങൾ ശ്രദ്ധിച്ചാലും. വീക്ഷാഗോപുരക്കാർ പഠിപ്പിക്കുന്നതുപോലെ രണ്ടു തരത്തിലുള്ള വാഗ്ദാനവും പ്രത്യാശയുമായ തന്റെ അനുയായികൾക്കായി ക്രിസ്തു ഒരുക്കിയത്.

ക്രിസ്തുവിന്റെ പ്രാർത്ഥനയിൽ "…. ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം……." ''യോഹന്നാൻ 17:24. ശിഷ്യന്മാർക്കു വേണ്ടി മാത്രമല്ല…. സകല വിശ്വാസികൾക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രാർത്ഥനയാണ് ഇത് എന്ന് ഓർമ്മിക്കുക. 20-ാം വാക്യത്തിൽ അപ്പോസ്തലന്മാരുടെ വചനത്തിലൂടെ (സുവിശേഷം) ക്രിസ്തുവിലുള്ള വിശ്വാസത്തിൽ വരുന്നവർക്കുള്ള അനുഗ്രഹത്തെക്കുറിച്ചാണ് ക്രിസ്തു സൂചിപ്പിച്ചത്; യഹോവ സാക്ഷിക്കാരനോട്-അപ്പോസ്തലന്മാരുടെ ഉപദേശങ്ങളിലൂടെ ക്രിസ്തുവിനെ വിശ്വസിക്കുന്നുവോ ? എന്ന് ചോദിക്കൂ ! ഉവ്വ് എന്ന് ആത്മാർത്ഥമായി ഉത്തരം നല്കുവാൻ കഴിയുന്നുവെങ്കിൽ, അവരും കർത്താവായ യേശുക്രിസ്തു പ്രാർത്ഥിച്ച പ്രകാരം സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടൊപ്പം ഇരിക്കേണ്ടതാണ് എന്ന് മനസ്സിലാക്കൂ !

ക്രിസ്തുവിന്റെ അനുയായികൾക്ക് രണ്ടു പ്രത്യാശയില്ല. എഫെസ്യർ 4:4 **(there is only one Hope).** യോഹന്നാൻ 10:16, ഗലാത്യർ 3:28. കൂടാതെ സങ്കീർത്തനം 37:9,11 വാക്യങ്ങളുടെ വിശദീകരണവും കൂടി വായിക്കുക.

## സങ്കീർത്തനം 146:3-4

"നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുത്. സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രനിലും അരുതു. അവന്റെ ശ്വാസം പോകുന്നു. അവൻ മണ്ണിലേയ്ക്കു തിരിയുന്നു. അന്നു തന്നേ അവന്റെ നിരൂപണങ്ങൾ നശിക്കുന്നു."

**King James version**-ൽ 4-ാം വാക്യം അവസാനിക്കുന്നത് "**in that very day his thoughts perish**" എന്നാണ്. അതുപോലെ തന്നെയാണ് വീക്ഷാ ഗോപുരക്കാരുടെ **New world Translation**-ലും ഈ രണ്ടു ഭാഷാന്തരങ്ങളിൽ ഏതെങ്കിലും ഒന്ന് അവർ ഉപയോഗിച്ച് (ഇംഗ്ലീഷിൽ) മരണത്തിനുശേഷം മനുഷ്യന് ഓർമ്മയോ, ബോധമോ, ഒന്നുമില്ല എന്ന് തെളിയിക്കുവാൻ ശ്രമിക്കുന്നു **(no conscious existence after death) Revised Standard Version**-ൽ **his plans perish** എന്നാണ്.

മരണത്തിനുശേഷം ബോധമുള്ള ഒരു നില മനുഷ്യന് ഇല്ല എന്ന് അറിയിക്കുന്നതിനാണോ 146-ാം സങ്കീർത്തനം രചിക്കപ്പെട്ടത് ? മരിച്ചവരുടെ സ്ഥിതി സൂചിപ്പിക്കുക എന്നതായിരുന്നോ ഈ വേദഭാഗത്തിന്റെ ഉദ്ദേശം. ശരിയായ അർത്ഥത്തിൽ നിന്നും വ്യതിചലിച്ച ഒരു വ്യാഖ്യാനം നടത്തുകയാണോ വീക്ഷാ ഗോപുരക്കാർ ചെയ്യുന്നത് ?

മാനുഷിക നേതൃത്വങ്ങളിൽ നമ്മുടെ ആശ്രയം അർപ്പിക്കുന്നതിനു പകരം ദൈവത്തിൽ ആശ്രയം വയ്ക്കേണ്ടതിന്റെ ആവശ്യകതയെ അറിയിക്കുകയാണ് 146-ാം സങ്കീർത്തനോദ്ദേശ്യം വീക്ഷാ ഗോപുരക്കാരനോട് ഈ അദ്ധ്യായത്തിന്റെ 1 ഉം 2 ഉം വാക്യങ്ങൾ വായിക്കുവാൻ ആവശ്യപ്പെടുക. **(to establish the real context)** ഈ വാക്യങ്ങളിൽ ദൈവത്തെ സ്തുതിക്കേണ്ടതിന്റെ ആവശ്യകതയെ വെളിപ്പെടുത്തുന്നു. കാരണം മനുഷ്യന്റെ പരിമിതമായ അവസ്ഥ, കഴിവില്ലായ്മ; ഇവ ദൈവത്തിൽ ആശ്രയിക്കുന്നതിൽ മനുഷ്യനെ നിർബന്ധിതനാക്കുന്നു. 5-ാം വാക്യത്തിൽ ഉറപ്പുള്ള പ്രത്യാശയും സഹായവും നല്കുന്ന ദൈവത്തെക്കുറിച്ചും, മററും പറയുന്നു ...തുടർന്നുള്ള മററ് വാക്യങ്ങളിലും സൃഷ്ടാവായ, നീതിമാനായ, സൗഖ്യദായകനായ സംരക്ഷകനും, പരിപാലകനുമായ, രാജാവായി വാഴുന്ന ദൈവത്തെ വ്യക്തമാക്കുകയാണ്. മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യം അങ്ങനെ വിശദമായി തന്നെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

***

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

സകലത്തിന്മേലും, സർവ്വജനത്തിന്മേലും അധികാരമുള്ളവനാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു. അവൻ ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവനാണ്. "ഞാൻ ദാവീദ് ഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽവെക്കും; അവൻ തുറന്നാൽ ആരും അടെക്കുകയില്ല; അവൻ അടെച്ചാൽ ആരും തുറക്കുകയുമില്ല." (യെശ 22:22) "പ്രതികാരം എനിക്കുള്ളത്. ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു" (റോമർ 12:19). "യഹോവ തന്റെ ജനത്തിനു ന്യായപാലനം ചെയ്യും; അവൻ തന്റെ ദാസന്മാരോടു സഹതപിക്കും" (സങ്കീ. 135:14).

ദൈവരാജ്യത്തിന്റെയും, മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ മാത്രമല്ല അവന്റെ കൈയ്യിൽ ഉള്ളത്; അവൻ ലോകത്തിന്മേൽ ന്യായവിധിനടത്തുന്ന സർവ്വാധികാരിയായ കർത്താധികർത്താവാണ്, പിതാവായ ദൈവത്തോടു സമത്വമുള്ളവനായ നമ്മുടെ കർത്താവായ യേശു; ആ സമത്വം മുറുകെ പിടിച്ചുകൊള്ളണമെന്ന് ആഗ്രഹിക്കാതെ; ദാസരൂപമെടുത്തു സാദൃശ്യത്തിലും വേഷത്തിലും മനുഷ്യനായി തീരുകയും; ക്രൂശിലെ മരണത്തോളം അവൻ പിതാവായ ദൈവത്തിനു അനുസരണമുള്ളവനായി തീരുകയും ചെയ്തു.

സർവ്വാധികാരിയായ യേശുക്രിസ്തു എനിക്കും നിനക്കും, മററനേകായിരങ്ങൾക്കും ദാസനായി തീർന്നുകൊണ്ട് നമ്മുടെ ഹൃദയകവാടത്തിങ്കൽ വന്നു മുട്ടുന്നു. ''ഞാൻ വാതിലിക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.'' (വെളി. 3:20). സഹോദരാ, നിന്റെ ഹൃദയം യേശുക്രിസ്തുവിന്റെ ഉപദേശം സ്വീകരിക്കുന്നതിന് തുറന്നുകൊടുത്ത് അവനെ ഹൃദയത്തിൽ കൈക്കൊള്ളുകയും അവന് അനുസരണമുള്ള ഒരുവനായി ജീവിക്കാൻ ഒരുങ്ങുകയും ചെയ്യുമോ?

''ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. അതു ആർക്കും അടെച്ചു കൂടാ. നിനക്ക് അല്പമേ ശക്തിയുള്ളു എങ്കിലും നീ എന്റെ വചനം കാത്തു. എന്റെ നാമം നിഷേധിച്ചിട്ടില്ല'' (വെളി. 3:8).

നമ്മുടെ കർത്താവ് ഇന്നു കാണപ്പെടുന്ന ക്രിസ്തുവിന്റെ സഭകളുടേയും, സംഘടനാ സഭകളുടേയും യഥാർത്ഥ നിലവാരം അറിയുന്നു. അതു തന്നെയുമല്ല അവൻ ഓരോ വ്യക്തികളെയും അറിയുകയും കാണുകയും ചെയ്യുന്നു. കർത്താവിനു അറിയാൻ കഴിയുന്നതുപോലെ മററാരുത്തർക്കും കഴിയുന്നതുമല്ല. ലോകത്തിൽ രഹസ്യത്തിലും പരസ്യത്തിലുമുള്ള സർവ്വകാര്യങ്ങളും അവൻ അറിയുന്നു. രഹസ്യത്തിലും പരസ്യത്തിലുമുള്ള ഓരോരുത്തരുടെയും പ്രവൃത്തികളെ അവൻ സുവിശേഷപ്രകാരമാണ് ന്യായം വിധിക്കുന്നത്. നിങ്ങൾ എന്തെല്ലാം ചെയ്താലും അവൻ അതു വെളിപ്പെടുത്തുകയും അവന്റെ സുവിശേഷപ്രകാരമുള്ള പ്രതിഫലം കൊടുക്കയും ചെയ്യും. ''ദൈവം യേശുക്രിസ്തുമുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്നനാളിൽ തന്നേ'' (റോമർ2:16). ''ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും

സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ'' (സഭാപ്ര. 12:14). ''ആകയാൽ കർത്താവ് വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്ന് ഓരോരുത്തനും ദൈവത്തിങ്കൽ നിന്നു പുകഴ്ച ഉണ്ടാകും'' (1കൊരി. 4:6). മററുള്ള സഭകളോടു പറയുന്നതുപോലെ കർത്താവ് ഫിലദെൽഫ്യ സഭയോടും പറയുന്നത് 'ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു.' കർത്താവ് നമ്മെയും നമ്മുടെ പ്രവർത്തനങ്ങളെയും അറിയുന്നവനാണ്. കർത്താവിന്റെ ദൃഷ്ടിയിൽ നിന്നും പരിജ്ഞാനത്തിൽ നിന്നും ആർക്കും മറഞ്ഞിരിപ്പാൻ സാദ്ധ്യമല്ല.

കർത്താവിനാൽ ഒരു വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. ഫിലദെൽഫ്യ സഭയുടെ മുമ്പിൽ കർത്താവ് തുറന്നിരിക്കുന്ന വാതിൽ സുവിശേഷ ഘോഷണത്തിന്റെ വാതിലായിരുന്നു. അപ്പോസ്തലനായ പൗലൊസ് എഫെസൊസിലെ സുവിശേഷവേലയിൽ ആയിരുന്നപ്പോരം, തനിക്കു പരിശുദ്ധാത്മാവിനാൽ വെളിപ്പെട്ടതും അനുഭവവുമായ ഒരു കാര്യം പ്രസ്താവിച്ചിരിക്കുന്നത് തന്റെ ലേഖനത്തിലൂടെ നമുക്കു ഗ്രഹിക്കാവുന്നതാണ്. ''എനിക്ക് വലിയതും സഫലവുമായോരു വാതിൽ തുറന്നിരിക്കുന്നു; എതിരാളികളും പലർ ഉണ്ട്.'' (1കൊരി 16:9) സകല സഭകളുടേയും വാതിൽ തുറന്നിടേണ്ടത് സുവിശേഷ ഘോഷണത്തിനു വേണ്ടിയായിരിക്കണം. അതാണ് കർത്താവ് ആഗ്രഹിക്കുന്നതും. ''ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം! (1കൊരി 9:16). സുവിശേഷം എന്താണെന്ന് അറിയാതെയും, പഠിപ്പിക്കാതെയും പ്രസംഗിക്കാതെയും അവയ്ക്കു പ്രാധാന്യം കൊടുക്കാതെയും ഇരിക്കുന്ന സഭകരംക്കും, വ്യക്തികരംക്കും, ഏതൊരാരംക്കും അയ്യോ കഷ്ടം

തന്നെയാണ്. നിലവിൽ ഇന്നു കാണുന്ന ഒട്ടുമുക്കാൽ സംഘടനാ സഭകളും, അല്ലാത്തവയും സുവിശേഷഘോഷണത്തിനു പ്രഥമ സ്ഥാനം കൊടുത്തുകാണുന്നില്ല. അഥവാ ഇനിയും എന്തെങ്കിലും ഒന്നു ചെയ്തെന്ന് വരുത്തുന്നവർ 'സുവിശേഷം' എന്ന നിർമ്മലമായ സത്യ ഉപദേശത്തെ അനുസരിക്കാത്തവരുമാണ്. ഇത്തരത്തിലുള്ള എല്ലാവരും അപ്പോസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നതുപോലെ, ജനങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നവരാണ്. "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ; എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിന്നു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാത്യർ 1:6-8).

'സുവിശേഷം' എന്ന വിഷയം ബഹുഭൂരിപക്ഷം പേർക്കും അജ്ഞാതമായ സംഗതിയാണ്. ഞാൻ കടന്നു ചെന്നിട്ടുള്ള ഇതര സംഘടനാ സഭകളിലെ ഭവനങ്ങളിൽ ഉള്ള ആർക്കും തന്നെ 'സുവിശേഷം' എന്നത് എന്താണെന്ന് അറിഞ്ഞുകൂടാ. ഒരു നല്ല വാർത്ത (**Good news**) ആണെന്നു പലരും പറഞ്ഞിട്ടുണ്ട്. അത് ആ പദത്തിന്റെ അർത്ഥം ആകുന്നു. മററു ചിലർ പറഞ്ഞിട്ടുണ്ട്, ബൈബിൾ ആണ് സുവിശേഷം എന്ന്. ഈ ലോകജീവിതത്തിനു ശേഷം സ്വർഗ്ഗം പൂകാൻ കൊതിക്കുന്ന ജനമേ, നിങ്ങൾ സുവിശേഷം എന്നുള്ളത് എന്താണെന്നു അറികയും അതിനെ അനുസരിക്കയും ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ ഓരോരുത്തരുടെയും ആഗ്രഹം എങ്ങനെ സഫലമാകുമെന്ന് ഞാൻ ഓർത്തു ദുഃഖിക്കുകയാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays — 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To